**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** **30-09-2025 - ൽ മറുപടിയ്ക്ക്**

**കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും പരിഗണന നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ച് വരുന്ന ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഗൗരവതരമായ പരിഗണനയാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നൽകി വരുന്നത്. അത്തരത്തിൽ പ്രാരംഭ ദശയിൽ തന്നെ അർബുദം നിർണ്ണയിക്കാനുള്ള സൗകര്യങ്ങൾ ആരോഗ്യമേഖലയിൽ ഒരുക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി "**ആരോഗ്യം ആനന്ദം - അകറ്റാം അർബുദം**" എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വായ, സ്തനം, ഗർഭാശയഗളം എന്നിവയിലെ അർബുദം നേരത്തെ കണ്ടെത്താനുള്ള ക്ലിനിക്കുകൾ ആരംഭിക്കുകയും പരിശീലനം ലഭിച്ച MLSP, നഴ്സിംഗ് ഓഫീസർ, എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു വരുന്നു. ആരോഗ്യം ആനന്ദം പരിപാടിയുടെ ആദ്യഘട്ടം 2025 ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ വനിതകളിലെ കാൻസർ രോഗ സാധ്യത നിർണ്ണയിക്കുന്നതിനായി നടത്തുകയുണ്ടായി. ഈ പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ മറ്റു രണ്ടു അർബുദങ്ങളായ വായിലെ അർബുദവും വൻകുടൽ മലാശയ അർബുദവും കൂടി ഉൾപ്പെടുത്തുകവഴി പുരുഷന്മാരുടെ അർബുദനിർണയം കൂടി ഇതിന്റെ ഭാഗമാക്കി. കേരളത്തിലങ്ങോളമിങ്ങോളം ദശലക്ഷക്കണക്കിനാളുകൾ ഇതിന്റെ ഗുണഭോക്താക്കളായി.<br><br>ഇതിനു പുറമെ കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും വികേന്ദ്രീകൃതമായ കാൻസർ ചികിത്സ കൂടുതൽ സ്ഥാപനങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

കൂടാതെ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിംഗ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി, മുതലായ അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Accelerator (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ റേഡിയേഷൻ ചികിത്സ എന്നിവയും കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT, IMRT, Arc therapy എന്നിവ നൽകി വരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

കോട്ടയം മെഡിക്കൽ കേളേജിൽ 2022 ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റു ഡിപ്പാർട്ടുമെൻറുകളുമായി ചേർന്ന് ആധുനിക ക്യാൻസർ ശസ്ത്രക്രിയകൾ നടത്തി വരുന്നതു കൂടാതെ BMT ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇവിടെ ഒ.പി/ഐ.പി വിഭാഗങ്ങളും, റഫറൽ സിസ്റ്റവും നന്നായി പ്രവർത്തിച്ചു വരുന്നു. ക്യാൻസർ ഗവേഷണ രംഗത്ത് KMR, SBMR, State - Central സംയുക്ത പ്രോജക്ടുകളും നടന്നു വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് ശസ്ത്രക്രിയകളിൽ പരിശീലനം ഉള്ളവരാണ്. അഡ്വാൻസ്ഡ് ഉപകരണങ്ങൾ വാങ്ങാനായി പ്ലാൻ ഫണ്ടിൽ നിന്നും 5.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ലഭ്യമായാൽ നിലവിൽ സ്വകാര്യ ആശുപത്രികളിലും, ആർ.സി.സി യിലും മാത്രം ചെയ്യുന്ന ആധുനിക ഓങ്കോളജി ശസ്ത്രക്രിയകളും നെഞ്ചു രോഗാശുപത്രി, തൃശ്ശൂരിൽ ചെയ്യാൻ സാധിക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല ക്യാൻസർ സെന്ററിൽ നിലവിൽ വന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ അക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ രോഗ വിഭാഗത്തിൽ പുതുതായി മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിക്കുകയും, നൂതന ലീനിയർ ആക്സിലറേറ്റർ പ്രവർത്തിച്ചു വരികയുമാണ്.

എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ സംബന്ധമായ ഗവേഷണങ്ങൾ അദ്ധ്യാപകരും, പി.ജി വിദ്യാർത്ഥികളും നടത്തി വരുന്നുണ്ട്. അതോടൊപ്പം തന്നെ ചില മെഡിക്കൽ കോളേജുകളിൽ ICMR സഹായത്തോടെ ക്യാൻസർ ഗവേഷണവും നടക്കുന്നുണ്ട്.

ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ക്യാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെൻറ് ഓഫ് ഓങ്കോളജി 2022 - ൽ ആരംഭിച്ചു. അതി നൂതനമായ റേഡിയേഷൻ ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Stimulator(2024), Treatment Planning System എന്നിവ High Precision, State of the Art റേഡിയേഷൻ ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാ രീതികളായ 3DCRT, IMRT, Arc Therapy, എന്നിവ നൽകുന്നു. ഈ ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI എന്നിവയിൽ കൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു ഈ സ്കീമുകൾ വഴി വിലയേറിയ ക്യാൻസർ മരുന്നുകൾ സൗജന്യമായും നൽകുന്നു.

റേഡിയേഷൻ ടെക്നോളജിയിൽ പുതിയ കോഴ്സ് BSC RTT 2023-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. പി.എസ്.സി വഴി മെഡിക്കൽ ഓങ്കോളജി യോഗ്യതയുള്ള ഒരു അസിസ്റ്റന്റ് പ്രൊഫസറെ പുതുതായി നിയമിച്ചു.

മലബാർ കാൻസർ സെന്ററിൽ അർബുദ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി എന്ന വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അർബുദബോധവൽക്കരണവും, പുകയില സംബന്ധമായ അർബുദങ്ങളെ കുറിച്ചുള്ള

ബോധവൽക്കരണവും പതിവായി നടത്താറുണ്ട്. പഞ്ചായത്തുകളെ അർബുദ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദത്തെടുക്കാറുണ്ട് (കണ്ണപുരം, പരിയാരം, പന്ന്യന്നൂർ തുടങ്ങിയ പഞ്ചായത്തുകൾ). മലയോര മേഖലകളിൽ അർബുദം നിർണ്ണയിക്കുവാനുള്ള അസ്സോസിയേറ്റ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിലും, കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കലിലും നടത്തിവരുന്നു.

അർബുദ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ സാങ്കേതിക പിന്തുണയോടെ നിരവധി സംഘടനകൾ അടങ്ങുന്ന കണ്ണൂർ ജില്ലാ കാൻസർ കൺട്രോൾ കൺസോർഷ്യം പ്രവർത്തിച്ച് വരുന്നു.

മലബാർ കാൻസർ സെന്ററിൽ ചുവടെപ്പറയുന്ന നൂതന ചികിത്സാ സംവിധാനങ്ങളും നിലവിലുണ്ട്.

1. തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

2. കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യൂലർ ഓങ്കോളജി ആരംഭിച്ചു.

3. രോഗ ബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കുവാനുള്ള ബയോ ബാങ്ക് സംവിധാനം ഏർപ്പെടുത്തി.

4. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാ രീതിയായ CAR -T സെൽ തെറാപ്പി

5. റിബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽദ്വാര ശസ്ത്രക്രിയാ രീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്ന റോബോട്ടിക്ക് ശസ്ത്രക്രിയകൾ ആരംഭിച്ചു.

6. റീബിൾഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

7. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 3 Tesla MRI, Dexa Scan, Gallium Generator എന്നിവ ഉപയോഗിച്ചുള്ള രോഗ നിർണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

എം.സി.സി-പിജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച്**:** അർബുദ

| | | | |
|---|---|---|---|
| | | | ചികിത്സാരംഗത്ത് വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായും, കൂടുതൽ വിദഗ്ധ ഡോക്ടർമാരെ വാർത്തെടുക്കുന്നതിനായും മലബാർ കാൻസർ സെന്ററിനെ പിജി ഇൻസ്റ്റിറ്റ്യൂട്ട് ആയി കേരളസർക്കാർ പ്രഖ്യാപിക്കുകയുണ്ടായി (സ.ഉ.(കൈ) നം 118/ 2022/ H&FWD തീയതി 18.06.2022). നിലവിൽ സ്ഥാപനത്തിൽ നിരവധി ഡോക്ടർമാർ വിവിധ അർബുദ ചികിത്സാ വിഭാഗങ്ങളിൽ ഉന്നത പഠനം നടത്തിവരുന്നു. വരും വർഷങ്ങളിൽ കൂടുതൽ സ്പെഷ്യാലിറ്റികളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. നിരവധി അർബുദ വിഷയങ്ങളിൽ ഇവിടെ ഗവേഷണപഠനങ്ങളും നടന്നു വരുന്നു.<br><br>രാജ്യത്തിനാകെ മാതൃകയാകുന്ന നൂതനമായ ഒരു സംരംഭമാണ് കാരുണ്യ സ്പർശം അഥവാ Zero profit oncology Drug Counter എന്നത്. കാൻസർ രോഗികൾക്കു ഉപയോഗിക്കുന്ന മരുന്നുകൾ പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ കാരുണ്യയിൽ നിലവിൽ ലഭിക്കും. ക്യാൻസർ മരുന്നുകൾ കാരുണ്യ ഫാർമസി വഴി നൽകാനുള്ള കാരുണ്യ സ്പർശം പദ്ധതി 2024 ആഗസ്റ്റ് 29 ന് ബഹു: കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഓരോ ജില്ലയിലേയും തിരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസിയിലൂടെ ഉയർന്ന നിരക്കിലുള്ള oncology മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. ഇത്തരത്തിൽ 247 ലധികം ഇനം Branded മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാംതന്നെ ഈ കൗണ്ടറുകളിലൂടെ ലഭ്യമാക്കാൻ കഴിയുന്നുണ്ട്.<br><br>വെറും 2% സർവീസ് ചാർജ് മാത്രം ഈടാക്കി മുഴുവൻ ലാഭവും രോഗികൾക്ക് പ്രയോജനപ്പെടുത്തുകയെന്നതാണ് ഈ നൂതനാശയത്തിന്റെ ലക്ഷ്യം. |
| (ബി) | "കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്" പദ്ധതി വഴി മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നാളിതുവരെ പൊതു വിപണിയിൽ 6,28,26,848/- രൂപയുടെ മൂല്യം ഉള്ള മരുന്നുകൾ 2,08,62,054/- രൂപയ്ക്ക് സാധാരണക്കാരായ രോഗികൾക്ക് "കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ്" പദ്ധതി പ്രകാരം വിതരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ തന്നെ, കഴിഞ്ഞ 12 മാസത്തിനകം സാധാരണക്കാരായ രോഗികൾക്ക് 4,18,67,734/- രൂപയുടെ ആശ്വാസം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | "കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്" പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter-കൾ പ്രവർത്തിക്കുന്നു. ഈ പദ്ധതികൾ ഒക്ടോബർ മാസത്തോടെ സംസ്ഥാനത്തെ മറ്റ് കാരുണ്യ ഫാർമകളിൽകൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ